വായിച്ചുകൊടുക്കാൻ

# കിട്ടന് ജോലി കിട്ടി

■ ജോസ് പി



ഒരിടത്തൊരിടത്ത് കിട്ടൻ എന്നു പേരുള്ള ഒരു കരടി ഉണ്ടായിരുന്നു. സ്ഥിരമായി ജോലിയൊന്നും ഇല്ലാതിരുന്ന കിട്ടൻ കഠിനമായി അധ്വാനിച്ചാണ് അന്നന്നത്തെ ആഹാരത്തിനുള്ള വക കണ്ടെത്തിയിരുന്നത്.

അങ്ങനെയിരിക്കെയാണ് സാമ്പത്തിക മാന്ദ്യം ഉണ്ടായത്. അതോടെ കിട്ടനെ ആരും ജോലിക്ക് വിളിക്കാതായി. വളരെ പിശുക്കി ദൈനംദിന ചെലവുകൾ നടത്തിയിട്ടും കുറച്ചു ദിവസം കൊണ്ട് അവന്റെ കൈയിലുണ്ടായിരുന്ന പണമെല്ലാം തീർന്നു. ഒരു ദി

എല്ലാ ആസിഡുകളിലും അടങ്ങിയിട്ടുള്ള മൂലകം– ഹൈഡ്രജൻ

വസം ആഹാരത്തിനുള്ള വക കണ്ടെത്താനാവാതെ അവൻ വിശന്നു വലഞ്ഞ് ഒരിടത്ത് ഇരിക്കുകയായിരുന്നു.

അപ്പോഴാണ് അതുവഴി പൊന്നൻ എന്ന ആമ വന്നത്. പൊന്നനാമ അടുത്തെത്തിയപ്പോൾ കിട്ടൻ മെല്ലെ എഴുന്നേറ്റുകൊണ്ട് പറഞ്ഞു: “സർ, താങ്കൾക്ക് ജോലിക്കാരെ ആവശ്യമുണ്ടെങ്കിൽ എന്നെ വിളിക്കാൻ മറക്കരുതേ, മൊബൈൽ നമ്പർ തരാം. ഞാൻ എന്തു ജോലിയും ചെയ്യും.”

പൊന്നൻ ആമ ഒരു നിമിഷം അവനെ ഒന്നു നോക്കി, എന്നിട്ട് പറഞ്ഞു: “ഞാനും ഒരു ജോലി തേടി ഇറങ്ങിയതാണ്. കുറച്ച് കിഴക്കായി സ്ഥിരമായി ജോലി കിട്ടുന്ന ഒരു സ്ഥലമുണ്ടെന്ന് കേട്ടു. ഞാൻ അവിടേക്ക് പോവുകയാണ്. നീ വരുന്നോ?”

ഇങ്ങനെയൊരു ചോദ്യം കേൾക്കാനിരിക്കുകയായിരുന്നല്ലോ കിട്ടൻ. “സ്ഥിരമായി ജോലി കിട്ടുന്ന ഏത് സ്ഥലത്തേക്കും ഞാൻ വരാം,” കിട്ടൻ പറഞ്ഞു.

അങ്ങനെ അവർ രണ്ടു പേരും നടന്നു നടന്ന് വിശാലമായ ഒരു പച്ചക്കറിത്തോട്ടത്തിന്റെ അടുത്തെത്തി. അപ്പോൾ പൊന്നൻ ആമ ചോദിച്ചു: “കിട്ടാ, നിനക്ക് വിശക്കുന്നുണ്ടോ?”

“വിശക്കുന്നുണ്ടോന്നോ? രണ്ടു ദിവസമായി ഞാൻ ശരിക്ക് ആഹാരം കഴിച്ചിട്ട്. കൈയിലാണെങ്കിൽ ചില്ലിക്കാശില്ല,” കിട്ടൻ വിഷമത്തോടെ പറഞ്ഞു.

അപ്പോൾ പൊന്നൻ ചുറ്റുമൊന്ന് നോക്കി. എന്നിട്ട് ശബ്ദം താഴ്ത്തി രഹസ്യമായി പറഞ്ഞു: “ഇവിടെങ്ങും ആരുമില്ല. ഈ തോട്ടത്തിന്റെ വേലി കുറച്ചപ്പുറത്തായി പൊളിഞ്ഞ് കിടക്കുകയാണ്. അതു വഴി അകത്തു കടന്ന് ഇഷ്ടം പോലെ പഴങ്ങളും പച്ചക്കറികളും കഴിക്കാം. ആരെങ്കിലും ഇങ്ങോട്ട് വരികയാണെങ്കിൽ ഞാൻ സൂചന തരാം. അപ്പോൾ പതുക്കെ ഇറങ്ങി വന്നാൽ മതി.”

അതു കേട്ട് കിട്ടന്റെ ഭാവം മാറി. “ഹും..! ഈ തോട്ടത്തിൽ നിന്നും മോഷ്ടിക്കണമെന്നാണോ താങ്കൾ പറയുന്നത്? വിശന്ന് മരിക്കേണ്ടി വന്നാലും ഞാൻ മോഷ്ടിക്കില്ല. മാത്രമല്ല, മോഷ്ടിക്കാൻ പ്രേരിപ്പിക്കുന്നവരുടെ കൂടെ ഞാൻ കൂട്ടുകൂടുകയുമില്ല,” കിട്ടൻ പറഞ്ഞു.

പൊന്നൻ പലതും പറഞ്ഞ് അവനെ നിർബന്ധിച്ചു നോക്കി. പക്ഷേ, കിട്ടൻ വഴങ്ങിയില്ല.

“ഈ തോട്ടത്തിന്റെ ഉടമസ്ഥൻ പറഞ്ഞാൽ നീ കഴിക്കുമോ?” അവസാനം പൊന്നനാമ ചോദിച്ചു.

“കഴിക്കും, എന്നിട്ട് അതിന് പകരമായി എന്തെങ്കിലും ജോലി ചെയ്തു കൊടുക്കുകയും ചെയ്യും,” കിട്ടൻ മറുപടി നൽകി.

“അങ്ങനെയെങ്കിൽ നീ കഴിച്ചുകൊള്ളൂ. ഞാനാണ് ഈ തോട്ടത്തിന്റെ ഉടമ. വിളവെടുക്കാനുള്ള സമയം അടുത്തു. ഇതൊന്നും ആരും മോഷ്ടിച്ചു കൊണ്ടുപോകാതിരിക്കാൻ ഒരു കാവൽക്കാരനെ തേടി ഇറങ്ങിയതാണ് ഞാൻ. നിനക്കു സമ്മതമാണെങ്കിൽ ഈ തോട്ടത്തിന്റെ കാവൽക്കാരനാകാം. താമസവും ഭക്ഷണവും സൗജന്യമാണ്. മാസാമാസം നല്ല ശമ്പളവും തരാം,” പൊന്നനാമ പറഞ്ഞു.

അതു കേട്ടപ്പോൾ കിട്ടന് സന്തോഷമായി. അങ്ങനെ കിട്ടൻ ആ തോട്ടത്തിന്റെ കാവൽക്കാരനായി ജോലിയിൽ പ്രവേശിച്ചു. പിന്നെ അവന് പട്ടിണി കിടക്കേണ്ടി വന്നിട്ടില്ല.



കഥാസാരം

രാജകുമാരിക്ക് കലശലായ പനി. കാലിന് നീർവീഴ്ചയും. കൊടും കാട്ടിൽ വളരുന്ന ചക്കര ഇഞ്ചിങ്ങ എന്ന ചെടിയുടെ വേര് ചവച്ചരച്ച് കഴിച്ചാലേ ദീനം മാറൂ എന്ന് കൊട്ടാരം വൈദ്യര് പറഞ്ഞു. ചക്കര ഇഞ്ചിങ്ങ തേടി വൈദ്യരുടെ അസിസ്റ്റന്റ് ജിക്രുവിനെയും സൈനികരായ ഇഞ്ചനെയും ജിഞ്ചനെയും കൊടും കാട്ടിലേക്ക് പറഞ്ഞയക്കാൻ തീരുമാനിച്ചു. ചക്കര ഇഞ്ചിങ്ങ കൊണ്ടുവന്നാൽ സ്വർണനാണയം സമ്മാനമുണ്ടാകുമെന്നും രാജാവ് പ്രഖ്യാപിച്ചു. അങ്ങനെയവർ ചക്കര ഇഞ്ചിങ്ങയും അന്വേഷിച്ച് കാട്ടിലൂടെയുള്ള യാത്ര തുടങ്ങി. ഒരു വലിയ പക്ഷി അവരെ ചുറ്റി പറക്കാൻ തുടങ്ങി. ആ പക്ഷിയിൽ നിന്ന് രക്ഷപ്പെടാൻ അവരൊരു പട്ടം ഉണ്ടാക്കി അതിൽ മണ്ണെണ്ണയൊഴിച്ച് പട്ടം പറത്തി. പക്ഷി പട്ടത്തിനടുത്തെത്തിയതും കയറിൽ തീകൊടുത്തു. പട്ടം തീഗോളമായി. പക്ഷി ഭയന്ന് എങ്ങോട്ടോ പറന്നുപോയി.

കേരളത്തിലെ ആദ്യത്തെ അന്തർദേശീയ വിമാനത്താവളം. – തിരുവനന്തപുരം